പറമ്പിക്കുളം-ആളിയാർ പുതിയ കരാർ

24 [907] ശ്രീ. കെ. നാരായണക്കുറുപ്പ്:
„ റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാടുമായി നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കാൻ ധാരണയായിട്ടുണ്ടോ;

(ബി) പുതിയ കരാർ എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) പുതിയ കരാർ പ്രകാരം സംസ്ഥാനത്തിന് ഉണ്ടാകാവുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) കരാർ പുതുക്കുവാൻ വ്യവസ്ഥയില്ല. എന്നാൽ പുനരവലോകനത്തിന് വ്യവസ്ഥയുണ്ട്. പുനരവലോകനത്തിന്റെ ഭാഗമായി ഉഭയസമ്മതപ്രകാരം മാറ്റങ്ങൾ വരുത്താവുന്നതാണ്. പുനരവലോകന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി, സി) പുനരവലോകന നടപടികൾ പൂർത്തിയാക്കിയതിനുശേഷമേ ഇക്കാര്യം വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

പറമ്പിക്കുളം-ആളിയാർ കരാർ ചർച്ച

25 [908] ശ്രീ. ബിനോയ് വിശ്വം:
„ എൻ. രാജൻ:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച് കേരള-തമിഴ്നാട് സർക്കാരുകൾ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അവസാനമായി ചർച്ച നടത്തിയതെന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ചർച്ചയിൽ പുതിയ ധാരണകൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ;

(സി) പുതിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ കേരളത്തിന് മുമ്പത്തേക്കാൾ ദോഷകരമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേലുള്ള പ്രതികരണം വ്യക്തമാക്കുമോ;

(ഡി) ആളിയാറിൽ നിന്നും വെള്ളം തരുന്നത് നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly